**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **12-06-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി നൽകിയ ഉടൻ തന്നെ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തികൾ വേഗത്തിൽ നടപ്പാക്കുന്നതിനായി നേരിട്ടും ഓൺലൈനായും മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. പൊതുമരാമത്ത് റോഡ് കട്ടിങ് അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. സമയബന്ധിതമായി മറ്റ് വകുപ്പുകളുടെ അനുമതിയ്ക്കായി അവരുടെ ഓൺലൈൻ പോർട്ടൽ സേവനങ്ങൾ ഉപയോഗിച്ചു വരുന്നു. പദ്ധതിയുടെ അവലോകനങ്ങൾ കൃത്യമായ ഇടവേളകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലം മുതൽ മാനേജിങ് ഡയറക്ടർ തലം വരെ നടത്തി വരുന്നുണ്ട്. ജല വിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. ആവശ്യം വരുന്ന പക്ഷം വകുപ്പ് മന്ത്രിമാർ, MLA, MP, ജില്ലാ കളക്ടർ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടു വന്നു തടസ്സങ്ങൾ നീക്കുവാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി പ്രൊജക്റ്റ് മാനേജ്മെൻറ് സോഫ്റ്റ്വെയർ (പാസ്ക്) ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുന്നുണ്ട്.<br><br>ജൽ ജീവൻ മിഷൻ തുടങ്ങിയ ബൃഹദ്പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനായി ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് മന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കി പദ്ധതി നിർവ്വഹണത്തിനു പുരോഗതി ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.<br><br>ജല അതോറിറ്റി നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളുടെയും പുരോഗതി ഏതു സമയത്തും അറിയുവാനും ന്യൂനതകൾ പരിഹരിക്കുന്നതിനും തക്കവണ്ണം PASK എന്ന സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ കുടിവെള്ള പദ്ധതിയും യഥാസമയം പൂർത്തീകരിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി നൽകിയ ഉടൻ തന്നെ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തികൾ വേഗത്തിൽ നടപ്പാക്കുന്നതിനായി നേരിട്ടും ഓൺലൈനായും മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. പൊതുമരാമത്ത് റോഡ് കട്ടിങ് അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. സമയബന്ധിതമായി മറ്റ് വകുപ്പുകളുടെ അനുമതിയ്ക്കായി അവരുടെ ഓൺലൈൻ പോർട്ടൽ സേവനങ്ങൾ ഉപയോഗിച്ചു വരുന്നു. പദ്ധതിയുടെ അവലോകനങ്ങൾ കൃത്യമായ ഇടവേളകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലം മുതൽ മാനേജിങ് ഡയറക്ടർ തലം വരെ നടത്തി വരുന്നുണ്ട്. ജല വിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. ആവശ്യം വരുന്ന പക്ഷം വകുപ്പ് മന്ത്രിമാർ, MLA, MP, ജില്ലാ കളക്ടർ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടു വന്നു തടസ്സങ്ങൾ നീക്കുവാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി പ്രൊജക്റ്റ് മാനേജ്മെൻറ് സോഫ്റ്റ്‌വെയർ (പാസ്ക്) ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുന്നുണ്ട്.<br><br>ജൽ ജീവൻ മിഷൻ തുടങ്ങിയ ബൃഹദ്പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനായി ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കി പദ്ധതി നിർവ്വഹണത്തിനു പുരോഗതി ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.<br><br>ജല അതോറിറ്റി നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളുടെയും പുരോഗതി ഏതു സമയത്തും |

| | | | |
|---|---|---|---|
| | | | അറിയുവാനും ന്യൂനതകൾ പരിഹരിക്കുന്നതിനും തക്കവണ്ണം PASK എന്ന സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ